അദ്ദേഹം വളരെ വികാരാധീനനാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വളരെയേറെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടതിനെക്കുറിച്ച് എന്നോടുതന്നെ വളരെ വികാരാധീനനായാണ് അദ്ദേഹം സംസാരിച്ചത്. ഈ പ്രശ്നം അദ്ദേഹവും യൂണിയനുകളും എന്റെയടുത്ത് റെപ്രസെന്റ് ചെയ്തിരുന്നു. ഞാൻ കോൺട്രാക്ടുമായി ബന്ധപ്പെട്ടവരെ നേരിട്ട് വിളിച്ച് സംസാരിച്ചു. അവർ ഏറ്റവും വേഗത്തിൽ ഒരു പരിഹാരമുണ്ടാക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. എയർ ഇന്ത്യ അവിടത്തെ റൊൻറ്റിംഗ് ജോലികൾ കോൺട്രാക്ട് കൊടുത്തിരിക്കുകയാണ്. ആ കോൺട്രാക്ടറീഡ് ജൂൺ 30-ന് തീർന്നു. ജൂലൈ 1-ന് പുതിയ കോൺട്രാക്ട് വന്നു. അദ്ദേഹം നെഗോസിയേഷൻസ് ഒക്കെ നടത്തി. ഇതിന്റെ ഓപ്പറേഷൻസ് ആരംഭിക്കാൻ ജൂലൈ 15-വരെ സമയം വേണമെന്ന് പറഞ്ഞിരിക്കുകയാണ്. ജൂലൈ 1 മുതൽ 15 വരെ എയർ ഇന്ത്യ ഇപ്പോൾ സ്വന്തമായി താൽക്കാലിക ഏർപ്പാടുണ്ടാക്കിയിരിക്കുകയാണ്. ജൂലൈ 15-നകം ഇതിനൊരു പരിഹാരം ഉണ്ടാക്കി നേരത്തേ തൊഴിലെടുത്തവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരു തീരുമാനം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. അതിനുള്ള എല്ലാ ശ്രമങ്ങളും നടത്തും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമെന്ന് ഉറപ്പ് നൽകുന്നു.

2. പ്രതിയെ അറസ്റ്റ് ചെയ്യൽ

ശ്രീ. മാത്യു റ്റി. തോമസ്: സർ, എന്റെ മണ്ഡലത്തിലെ കല്ലൂപ്പാറ ദേവീക്ഷേത്രത്തിൽ 2012 ജൂലൈ മാസം 4-ാം തീയതി വെളുപ്പിന് അവിടെ താമസിച്ചിരുന്ന ഒരു അന്തേവാസിയെ കൊലപ്പെടുത്തിക്കൊണ്ട് ക്ഷേത്രത്തിൽ കവർച്ച നടത്തുകയും 20 പവനോളം വരുന്ന സ്വർണ്ണത്താഴികക്കുടം മോഷ്ടിക്കുകയും ചെയ്തു. ആ ദിവസംതന്നെ നിയമസഭയിൽ ഈ വിഷയം ഉന്നയിക്കുകയും അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭവം സന്ദർശിക്കുകയും പോലീസ് വളരെ ഊർജ്ജിതമായി പ്രവർത്തിക്കുകയും കുറേയധികം പ്രതികളെ പിടികൂടുകയുമുണ്ടായി. ക്ഷേത്ര കമ്മിറ്റി എനിക്ക് നൽകിയ കത്തുപ്രകാരം ആ കുറ്റകൃത്യത്തിലെ പ്രധാന കണ്ണിയായ (ഒന്നാം പ്രതി എന്നാണ് അവർ പറഞ്ഞത്) പ്രതിപ്പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്ന അജി എന്ന ആൾ ആ പ്രദേശത്തിന്റെ കിഴക്ക് ഭാഗങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. അദ്ദേഹത്തെ ഇതുവരെയും പിടികൂടിയിട്ടില്ല. ഇതുമാത്രമല്ല, സ്വർണ്ണത്താഴികക്കുടത്തിന്റെ കുറച്ചുഭാഗം മാത്രമേ പിടിച്ചെടുക്കാൻ സാധിച്ചുള്ളൂ. ബഹുഭൂരിപക്ഷം സ്വർണ്ണവും നഷ്ടപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ ഒരന്വേഷണവും നടക്കുന്നില്ല. അതുകൊണ്ട് ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രധാന പ്രതിയായ അജിയെ പിടികൂടാൻ നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ട സ്വർണ്ണം ആ ക്ഷേത്രത്തിന് തിരികെ വാങ്ങിക്കാൻ വേണ്ടതായ നടപടി സ്വീകരിക്കണമെന്നുമാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് വൈകാരികമായി വളരെയധികം ബന്ധമുള്ള ഒരു ക്ഷേത്രംകൂടിയാണത്. ഊർജ്ജിതമായ ഒരു നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ മാത്യു റ്റി. തോമസ് ഇവിടെ അവതരിപ്പിച്ച ഈ സബ്മിഷൻ ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. 4-7-2012-ന് പുലർച്ചെ 2 മണിയോടെ കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കല്ലൂപ്പാറ ദേവീക്ഷേത്രത്തിലെ അന്തേവാസിയായ 60 വയസ്സുള്ള ഗോപാലകൃഷ്ണ കൈമളിനെ കൊലപ്പെടുത്തി സ്വർണ്ണത്താഴികക്കുടം മോഷ്ടിച്ച സംഭവത്തിൽ ക്ഷേത്രം പ്രസിഡന്റ് ശ്രീ. ഉദയകുമാറിന്റെ പരാതി പ്രകാരം ഐ.പി.സി. 120(ബി), 109, 449, 342, 397, 364, 302, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 409/12-ആയി കീഴ്വായ്പൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ കന്യാകുമാരി ജില്ലക്കാരായ ശേഖർ, അയ്യപ്പൻ, നെയ്യാറ്റിൻകര സ്വദേശി മണിക്കുട്ടൻ, കല്ലൂപ്പാറ സ്വദേശിയായ വർഗ്ഗീസ് ജോൺ, ബിജു എന്ന് വിളിക്കുന്ന അജി, കടമ്മനിട്ട സ്വദേശിയായ റെജി ജോർജ് എന്നിവരാണ് പ്രതികളെന്ന് വെളിവായി. ഇവരിൽ അഞ്ചാം പ്രതിയായി ചേർത്തിട്ടുള്ള ബിജു എന്ന് വിളിക്കുന്ന അജി ഒഴികെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്ക് വിധേയമാക്കി. ഈ കേസിലെ ഒന്നാം പ്രതിയായ ശേഖർ, ആറാം പ്രതിയായ റെജി ജോർജ് എന്നിവരോടൊപ്പം മുന്ന് തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്നായാളാണ് അഞ്ചാം പ്രതിയായ അജി. ഈ പരിചയത്തിലാണ് മറ്റ് പ്രതികളോടൊപ്പം കല്ലൂപ്പാറയിൽ കൊലപാതകവും മോഷണവും നടത്തിയത്. കൃത്യത്തിനുശേഷം ഒളിവിൽ പോയ അജിയെ കണ്ടെത്തുന്നതിന് ഊർജ്ജിത അന്വേഷണം നടന്നു വരുന്നു. അഞ്ചാം പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനായി കൂടുതൽ അന്വേഷണം നടക്കുന്നതിനാൽ നിലവിലുള്ള പ്രതികളെ ചേർത്ത് കുറ്റപത്രം തയ്യാറാക്കി 30-6-2014-ന് ബഹുമാനപ്പെട്ട തിരുവല്ല ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിൽനിന്നും പ്രതികൾ മോഷ്ടിച്ച 20 പവൻ തൂക്കമുള്ള സ്വർണ്ണ താഴികക്കുടത്തിന്റെ 10 പവനോളം തൂക്കംവരുന്ന സ്വർണ്ണം കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്തുള്ള ബിസ്മില്ലാ ജുവലറിയിൽനിന്ന് കണ്ടെടുക്കുകയുണ്ടായി. ഈ കേസിന്റെ അന്വേഷണ പുരോഗതിക്കുവിന് അർഹരായ മൂന്ന് ഉദ്യോഗസ്ഥരെ സംസ്ഥാന പോലീസ് മേധാവി 4-2-2014-ന് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് ഒരു കമ്മിറ്റി അന്വേഷണ മികവ് വിലയിരുത്തിയാണ് ഈ അംഗീകാരം നൽകിയിട്ടുള്ളത്. ഈ കേസ്സിൽ അർഹരായിട്ടുള്ളവർക്കാണ് ബഹുമതി നൽകിയിട്ടുള്ളത്. അജിയെ പിടിക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടന്നുവരികയാണ്.

3. പ്രത്യേക സെൽ രൂപീകരണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തിലെ വയനാട്, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ട്രൈബൽ മേഖലകളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടിയാണ് ഒരു ഡിവൈ.എസ്.പി. കൂടിയുള്ള സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് രൂപീകരിച്ചത്. എന്നാൽ ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly